# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ:264** **06.10.2016-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവനപദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.പുരുഷൻ കടലുണ്ടി: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായുള്ള ഭവനപദ്ധതി കൂടുതൽ പ്രയോജനകരമായ രീതിയിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | എ) മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യത്തിനായി ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം പണിയുന്നതിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഭൂരഹിതരായ മത്സ്യത്തൊഴിലാളി കൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പദ്ധതി ഈ വർഷം മുതൽ ആരംഭിച്ചിട്ടു ണ്ട്. അടുത്ത വർഷം മുതൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം യൂണിറ്റൊന്നിന് 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നു. |
| ബി) ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട്ടുവയ്ക്കാനായി നിലവിൽ പദ്ധതിയുണ്ടോ; ഇക്കാര്യത്തിൽ പുതുതായി എന്ത് ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 3 സെന്റ് വരെ വസ്തു വാങ്ങുന്നതിന് 6 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആദ്യവർഷമെന്ന നിലയിൽ തീരദേശ ജില്ലകളിലായി 800 ഗുണ ഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 4800 ലക്ഷം രൂപ നീക്കി വച്ചിട്ടു ണ്ട്. ഇതിനു പുറമെ കടലാക്രമണം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ഭൂമിയും വീടും നൽകുന്നതിന് പരമാവധി ധനസഹായം 10 ലക്ഷം രൂപ അനുവദിക്കുന്ന പുതിയ പുനരധിവാസ പദ്ധതിയും ഈ വർഷം മുതൽ ആരംഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇത്തരക്കാർക്കായി പാർപ്പിട സമുച്ചയം പണിതു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | സി) | ഉണ്ട്. പാർപ്പിട സമുച്ചയം പണിയാൻ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നിടങ്ങളിൽ പാർപ്പിട സമുച്ചയം പണിയുന്നതിന് ഉദ്ദേശിക്കുന്നു. നടപ്പുവർഷം തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ, പൂന്തുറ എന്നിവിടങ്ങളിലും കൊല്ലം ജില്ലയിൽ ഒരിടത്തും ആലപ്പുഴ ജില്ലയിലെ പുറക്കാട്ടും മലപ്പുറം ജില്ലയിലെ താനൂരും കണ്ണൂർ ജില്ലയിലെ ചാലിൽ, ഗോപാലപേട്ട, തയ്യിൽ എന്നിവിടങ്ങളിലും കാസർഗോഡ് ജില്ലയിലെ അഴിയൂരും ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്. |

Hadeera

സെക്ഷൻ ആഫീസർ